സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


**ഒരു അബദ്ധം പറ്റിയതെന്ന് പി.സി; അബദ്ധങ്ങളോടബദ്ധമെന്ന് ഹൈക്കോടതി**

ചാനൽ ചർച്ചയ്ക്കിടെ നടത്തിയ വിദ്വേഷ പരാമർശത്തിൽ ബിജെപി നേതാവ് പി.സി.ജോർജിനെതിരെ വിമർശനവുമായി ഹൈക്കോടതി. ഹൈക്കോടതിയുടെ മുൻ ഉത്തരവ് പി.സി.ജോർജ് ലംഘിച്ചുവെന്ന് ജസ്റ്റിസ് പി.വി കുഞ്ഞികൃഷ്ണൻ പറഞ്ഞു. പി.സി ജോർജ് നേരത്തെയും സമാന പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഒരുപാട് കാലം ജനപ്രതിനിധിയായിരുന്ന ആളാണ് കോടതിയുടെ ജാമ്യ വ്യവസ്ഥ ലംഘിച്ചിട്ടുള്ളത് എന്നത് ഗൗരവമേറിയ വിഷയമെന്നും കോടതി ചൂണ്ടിക്കാട്ടി. എന്നാൽ തന്റെ പരാമർശം ഒരബദ്ധമായിരുന്നുവെന്നും, ഉടൻതന്നെ മാപ്പ് പറഞ്ഞെന്നും പി.സി.ജോർജ് അറിയിച്ചു. എന്നാൽ ഒരബദ്ധമല്ല, അബദ്ധങ്ങളോടബദ്ധമെന്ന് കോടതി പരിഹസിച്ചു.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com




# സിഖുകാരുടെ തലപ്പാവ് അഴിപ്പിച്ചു, ചങ്ങല കൊണ്ട് സീറ്റിൽ ബന്ധിച്ചു

അമൃതസർ: അനധികൃത കുടിയേറ്റക്കാരെ ഇന്ത്യയിലെത്തിച്ച രീതിയിൽ വീണ്ടും വിവാദം. കുടിയേറ്റക്കാരെ കൈവിലങ്ങണിയിച്ചും ചങ്ങലകൊണ്ട് സീറ്റിൽ ബന്ധിച്ചുമാണ് ഇന്ത്യയിലെത്തിച്ചത്. ഇതിന് പുറമെ സിഖ് മതവിശ്വാസികൾക്ക് അവരുടെ മതാചാരമായ തലപ്പാവ് അണിയാനും അനുവദിച്ചില്ല എന്നതാണ് പുതിയ വിവാദം.

അമേരിക്കൻ വ്യോമസേനാ വിമാനത്തിൽ കയറിയപ്പോൾ തങ്ങളെ തലപ്പാവ് അണിയാൻ അനുവദിച്ചില്ലെന്ന് നാടുകടത്തപ്പെട്ട ഒരു കുടിയേറ്റക്കാരൻ വെളിപ്പെടുത്തി. ഇതിൽ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അമേരിക്കയിൽ പിടിയിലായതിന് പിന്നാലെ തന്നെ തങ്ങളുടെ തലപ്പാവ് അഴിച്ചുമാറ്റിയെന്നാണ് ഒരാൾ വെളിപ്പെടുത്തിയത്. യു.എസിൽ നിന്ന് നാടുകടത്തപ്പെട്ട് അമൃത്സർ വിമാനത്താവളത്തിലെത്തിയവരെ സഹായിക്കാനെത്തിയ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി അംഗങ്ങൾ ടർബൻ നൽകുകയും ചെയ്തു.

ഞായറാഴ്ച രാത്രി എത്തിയ വിമാനത്തിൽ 31 പഞ്ചാബുകാരാണ് ഉണ്ടായിരുന്നത്. 44 പേർ ഹരിയാണ സ്വദേശികളും 33 പേർ ഗുജറാത്തിൽ നിന്നുള്ളവരുമായിരുന്നു. ആകെ 112 പേരെയാണ് ഞായറാഴ്ച ഇന്ത്യയിലെത്തിച്ചത്. ഈ സംഘത്തിൽ 19 സ്ത്രീകളും 14 കുട്ടികളും രണ്ട് നവജാത ശിശുക്കളുമുണ്ടായിരുന്നു. ഫെബ്രുവരി അഞ്ചിനാണ് ഇന്ത്യയ്ക്കാരുമായുള്ള ആദ്യവിമാനം അമൃത്സറിലെത്തിയത്. പിന്നാലെ ഫെബ്രുവരി 15-ന് രണ്ടാമത്തെ സംഘമെത്തി. ഇതുവരെ മൂന്ന് വിമാനങ്ങളിലായി അനധികൃത കുടിയേറ്റക്കാരായ 332 ഇന്ത്യക്കാരെയാണ് യു.എസ്. നാടുകടത്തിയത്.

## ഡൽഹി കുലുങ്ങി

പ്രകമ്പനങ്ങളിൽ ആശങ്കയിലായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ. രാവിലെ 5.40ന് ഡൽയിയിലാണ് 4 തീവ്രത രേഖപ്പെടുത്തിയ ആദ്യ ഭൂകമ്പം ഉണ്ടായത്. കെട്ടിടങ്ങൾ ശക്തിയായി കുലുങ്ങിയതോടെ ജനങ്ങൾ ഇറങ്ങിയോടി. നഗരഹൃദയത്തിലെ ധൗല കുവ ആയിരുന്നു പ്രഭല കേന്ദ്രം. യമുന നദിയുടെ തീരപ്രദേശങ്ങളിലെല്ലാം സാമാന്യം നല്ല രീതിയിൽ പ്രകമ്പനം അനുഭവപ്പെട്ടു. മണിക്കൂറിന് ശേഷം ബിഹാറിലെ സിവാനിൽ 4 തീവ്രതയുള്ള പ്രകമ്പനമുണ്ടായി. എട്ടരയോടെ ഒഡിഷയിലെ പുരിയിലും ശക്തമായ ഭൂകമ്പം അനുഭവപ്പെട്ടതായി റിപ്പോർട്ടുകളുണ്ട്. എവിടെയും നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. തുടർ ചലനങ്ങൾക്ക് സാധ്യതയുണ്ടെന്നും ജനങ്ങൾ ജാഗ്രതപാലിക്കണമെന്നും എല്ലാവരും ശാന്തരായിരിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടു.

# അനന്തുവിന് 21 അക്കൗണ്ടുകൾ, 548 കോടി സ്ഥാപനത്തിന്റെ പേരിലെത്തി



മൂവാറ്റുപുഴ: പാതിവില തട്ടിപ്പുകേസിൽ അറസ്റ്റിലായ അനന്തു കൃഷ്ണന് വിവിധ ബാങ്കുകളിലായി 21 അക്കൗണ്ടുകൾ ഉണ്ടെന്ന് ക്രൈംബ്രാഞ്ച്. സോഷ്യൽ ബീ വെഞ്ചേഴ്സ് എന്ന അനന്തുവിന്റെ സ്ഥാപനത്തിന്റെ പേരിലുള്ള 11 അക്കൗണ്ടുകൾ വഴി മാത്രം വഴി 548 കോടി രൂപ അനന്തു കൃഷ്ണന് ലഭിച്ചെന്നാണ് വിവരം. കൂടാതെ ഇരുചക്രവാഹനം നൽകാമെന്ന് വാഗ്ദാനം നൽകി 20,163 പേരിൽ നിന്നായി 60,000 രൂപവീതവും 4035 പേരിൽ നിന്ന് 56,000 രൂപ വീതവും വാങ്ങിയതിലൂടെ 143.5 കോടി രൂപയും അനന്തുവിന്റെ അക്കൗണ്ടിലെത്തിയെന്നാണ് ക്രൈംബ്രാഞ്ച് പ്രാഥമിക അന്വേഷണത്തിൽ കോടതിയിൽ അറിയിച്ചിരിക്കുന്നത്. കസ്റ്റഡി അപേക്ഷയിലെ പ്രാഥമിക വിവരങ്ങൾ മാത്രമാണ് പുറത്തുവന്നിരിക്കുന്നത്.

548 കോടി രൂപയുടെ ഉറവിടം സംബന്ധിച്ചും കേസിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോയെന്നതു സംബന്ധിച്ചും വ്യക്തത ലഭിക്കേണ്ടതുണ്ട്. ഈ തുകയെല്ലാം എന്തിനാണ് വിനിയോഗിച്ചതെന്നതിലും വ്യക്തതയില്ല. ഇതെല്ലാം ചൂണ്ടിക്കാട്ടി അഞ്ചുദിവസത്തേക്കാണ് അനന്തു കൃഷ്ണനെ ക്രൈംബ്രാഞ്ച് കസ്റ്റഡിയിലാവശ്യപ്പെട്ടത്. എന്നാൽ രണ്ടു ദിവസത്തേക്കാണ് പ്രതിയെ കോടതി കസ്റ്റഡിയിൽ വിട്ടത്.

ഇതുവരെയുള്ള അന്വേഷണത്തിൽ നാലേകാൽ കോടി രൂപ മാത്രമാണ് അനന്തു കൃഷ്ണന്റെ അക്കൗണ്ടിൽ നിന്ന് അന്വേഷണ സംഘത്തിന് കണ്ടെത്താൻ സാധിച്ചത്. കുറച്ച് ഇരുചക്രവാഹനങ്ങളും ലാപ്ടോപ്പുകളും വിതരണം ചെയ്തിരുന്നു. കൂടാതെ കുറച്ചു ഭൂമിയും വാങ്ങിയിട്ടുണ്ട്. ബാക്കി തുക എങ്ങനെ വിനിയോഗിച്ചു എന്നതിൽ കൃത്യമായ വിവരം ലഭിക്കണമെങ്കിൽ വിശദമായ തെളിവെടുപ്പ് ആവശ്യമാണെന്നാണ് ക്രൈംബ്രാഞ്ച് വാദം.

തിരഞ്ഞെടുപ്പിനും മറ്റുമായി രാഷ്ട്രീയ നേതാക്കൾക്ക് പണം കൈമാറിയെന്ന തരത്തിലുള്ള വിവരങ്ങൾ പുറത്തുവന്നിരുന്നു. ഇവർക്ക് തട്ടിപ്പുമായി ബന്ധമുണ്ടെന്നും ആരോപണം ഉയർന്നിരുന്നു. ഇതിലെല്ലാം കൂടുതൽ വ്യക്തത വരുന്നതിന് കൂടുതൽ ചോദ്യം ചെയ്യലും തെളിവെടുപ്പും അത്യാവശ്യമാണെന്നും ക്രൈംബ്രാഞ്ച് ചൂണ്ടികാണിക്കുന്നു.

# ഡൽഹി മുഖ്യമന്ത്രി ആര്? സസ്പെൻസ് തുടരുന്നു; 20 ന് സത്യപ്രതിജ്ഞ

ന്യൂഡൽഹി: തിരഞ്ഞെടുപ്പിൽ മിന്നുന്ന വിജയത്തിലൂടെ ഡൽഹി ഭരണം പിടിച്ച ബി.ജെ.പി. മുഖ്യമന്ത്രിയെ ഉടൻ പ്രഖ്യാപിച്ചേക്കും. മുഖ്യമന്ത്രിയെ തീരുമാനിക്കാനുള്ള നിയമസഭാകക്ഷി യോഗം 19-നാണ് ചേരുക. അന്ന് മുഖ്യമന്ത്രിയെ പ്രഖ്യാപിച്ച് 20-ന് സത്യപ്രതിജ്ഞ നടത്താനാണ് ശ്രമിക്കുന്നത്. ഡൽഹിയിലെ രാംലീല മൈതാനത്താകും സത്യപ്രതിജ്ഞ. മൈതാനത്തിനായി 20-ാം തിയതിയിലേക്ക് ബി.ജെ.പി. അനുമതി തേടിയിട്ടുണ്ട്. ബി.ജെ.പി. ജനറൽ സെക്രട്ടറിമാരായ വിനോദ് താവ്ഡെ, തരുൺ ചുഗ് എന്നിവർക്കാണ് സത്യപ്രതിജ്ഞാ ചടങ്ങിന്റെ ചുമതല. രാംലീല മൈതാനം ലഭിച്ചില്ലെങ്കിൽ യമുനാ തീരത്തോട് ചേർന്ന ജവർലാൽ നെഹ്റു സ്റ്റേഡിയവും സത്യപ്രതിജ്ഞാ ചടങ്ങിനായി പരിഗണിക്കുന്നുണ്ട്.

നാളെയായിരുന്നു ബി.ജെ.പി. നിയമസഭാ കക്ഷി യോഗം നിശ്ചയിച്ചിരുന്നത്. എന്നാൽ, 19-ാം തിയതിയിലേക്ക് മാറ്റുകയായിരുന്നു. നീണ്ട 27 വർഷത്തിന് ശേഷമാണ് ഡൽഹിയിൽ ബി.ജെ.പി. അധികാരത്തിലെത്തുന്നത്. അതിനാൽ തന്നെ ചടങ്ങിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, ബി.ജെ.പി. മുഖ്യമന്ത്രിമാർ, എൻ.ഡി.എ. നേതാക്കൾ, കേന്ദ്രമന്ത്രിമാർ, വ്യവസായ പ്രമുഖർ, സിനിമ-ക്രിക്കറ്റ് താരങ്ങൾ, ആത്മീയ നേതാക്കൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുള്ള വലിയ പരിപാടിക്കാണ് ഒരുങ്ങുന്നത്.

അതേസമയം, ഇത്രയൊക്കെ ഒരുക്കം നടക്കുന്നുണ്ടെങ്കിലും ആരാകും മുഖ്യമന്ത്രിയെന്ന കാര്യത്തിൽ വ്യക്തത വന്നിട്ടില്ല. അപ്രതീക്ഷിത മുഖ്യമന്ത്രിയാകും വരികയെന്നാണ് അഭ്യൂഹങ്ങൾ.

കെജ്‌രിവാളിനെ പരാജയപ്പെടുത്തിയ പർവേഷ് ശർമ, മുൻ ബി.ജെ.പി. ഡൽഹി പ്രസിഡന്റ് സതീഷ് ഉപാധ്യായ, പാർട്ടിയുടെ പഞ്ചാബി മുഖമായ ആശിഷ് സൂദ്, ജിതേന്ദ്ര മഹാജൻ, വിജേന്ദർ ഗുപ്ത തുടങ്ങിയവരുടെ പേരുകളാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് പറഞ്ഞു കേൾക്കുന്നത്.

70 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 48 സീറ്റുകളാണ് ബി.ജെ.പി. നേടിയത്. ഭരണകക്ഷിയായിരുന്ന എ.എ.പി. 22 സീറ്റുകളിൽവിജയിച്ചു. ഇത്തവണയും കോൺഗ്രസിന് സീറ്റുകളൊന്നും കിട്ടിയിരുന്നില്ല.

## വിധി വന്നത് വെറും ഒന്നര മാസം മുമ്പ്; പെരിയ ഇരട്ടക്കൊലക്കേസിലെ പ്രതികൾക്ക് പരോൾ നൽകാൻ നീക്കം



കാസർകോട്: യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിന്റെയും ശരത്‌ലാലിന്റെയും കൊലപാതകക്കേസിലെ പ്രതികൾക്ക് പരോൾ നൽകാൻ നീക്കം. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന എട്ടാം പ്രതി സുഭീഷ്, പതിനഞ്ചാം പ്രതി സുരേന്ദ്രൻ എന്നിവരാണ് പരോളിന് അപേക്ഷ നൽകിയത്.

പ്രതികൾ നൽകിയ അപേക്ഷയിൽ ജയിൽ അധികൃതർ പൊലീസിന്റെ റിപ്പോർട്ട് തേടിയതായാണ് വിവരം. കേസിൽ വിധി വന്ന് ഒന്നര മാസം പോലും തികയുന്നതിന് മുമ്പാണ് പരോൾ അനുവദിക്കാനുള്ള നീക്കം നടക്കുന്നത്. ജനുവരി മൂന്നിനാണ് കൊച്ചി സി ബി ഐ കോടതി 14 പ്രതികൾക്ക് ശിക്ഷ വിധിച്ചത്. പരോളിന് അപേക്ഷ നൽകിയ പ്രതികൾക്ക് ജീവപര്യന്തം തടവിന് പുറമേ ഒരു ലക്ഷം രൂപ പിഴയും വിധിച്ചിരുന്നു.

2019 ഫെബ്രുവരി 17ന് രാത്രി 7.45ന് പെരിയ കല്യോട്ട് വച്ചാണ് കൃപേഷിനെയും ശരത്‌ലാലിനെയും കൊലപ്പെടുത്തിയത്. ആദ്യം ലോക്കൽ പൊലീസിലെ പ്രത്യേക സംഘവും പിന്നീട് ക്രൈംബ്രാഞ്ചും കേസ് അന്വേഷിച്ചു. പിന്നീട് ശരത്‌ലാലിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ഹൈക്കോടതിയെ സമീപിച്ചതോടെയാണ് കേസന്വേഷണം സി ബി ഐ ഏറ്റെടുത്തത്. തിരുവനന്തപുരം യൂണിറ്റിലെ ഡിവൈ എസ്പി അനന്തകൃഷ്ണന്റെ നേതൃത്വത്തിലുള്ള സി ബി ഐ സംഘമാണ് അന്വേഷണം നടത്തിയത്. 2023 ഫെബ്രുവരിയിലാണ് സി ബി ഐ കോടതിയിൽ വിചാരണ തുടങ്ങിയത്.

# മക്കളുടെ മുന്നിൽവച്ച് വെട്ടിപരിക്കേൽപ്പിച്ച യുവതി മരിച്ചു

തൃശൂർ: കുടുംബവഴക്കിനിടെ ഭർത്താവ് വെട്ടിപ്പരിക്കേൽപ്പിച്ചതിനെ തുടർന്ന് ചികിത്സയിലായിരുന്ന യുവതി മരിച്ചു. മാള അഷ്ടമിച്ചിറ സ്വദേശിയായ വി വി ശ്രീഷ്മ മോൾ (39) ആണ് മരിച്ചത്. ജനുവരി 29ന് രാത്രി കുടുംബവഴക്കിനിടെ മക്കളുടെ മുന്നിൽവച്ചാണ് ശ്രീഷ്മക്ക് ഭർത്താവ് വാസനിൽ നിന്ന് വെട്ടേറ്റത്. തുടർന്ന് അന്നു മുതൽ ചികിത്സയിലായിരുന്നു. ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയാണ് ശ്രീഷ്മ മരിച്ചത്.

ശ്രീഷ്മയുടെ കൈകാലുകളിലാണ് വാസൻ വെട്ടിയത്. സംഭവത്തിന് ശേഷം കുട്ടികൾ അമ്മയെ പിതാവ് വെട്ടിയെന്നുള്ള കാര്യം നാട്ടുകാരെ അറിയിക്കുകയായിരുന്നു. നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് ശ്രീഷ്മയെ പൊലീസെത്തി ആശുപത്രിയിലാക്കി, ഭർത്താവ് വാസനെ അന്നുതന്നെ കസ്റ്റഡിയിലുമെടുത്തു.

കഴിഞ്ഞദിവസം തിരുവനന്തപുരത്തും കുടുംബപ്രശ്നത്തിനിടെ രണ്ടുപേർക്ക് വെട്ടേറ്റിരുന്നു. പോത്തൻകോടാണ് സംഭവം. പന്തലക്കോട് സ്വദേശികളായ രാജേഷിനും മഹേഷിനുമാണ് വെട്ടേറ്റത്. ഇവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചാരുംമൂട് സ്വദേശി കൊച്ചുമോനാണ് ആക്രമിച്ചത്. പ്രതി ഒളിവിലാണ്.

ഞായർ രാത്രി ഒമ്പത് മണിയോടെയാണ് സംഭവം നടന്നത്. കുടുംബപ്രശ്നം സംസാരിക്കുന്നതിനിടെയാണ് ആക്രമണം ഉണ്ടായത്. മഹേഷും രാജേഷും മറ്റൊരു സുഹൃത്തും ചേർന്ന് കൊച്ചുമോനെ മർദ്ദിച്ചെന്നും ഇതിനിടെ കൈയിൽ കരുതിയ കത്തിയെടുത്ത് കൊച്ചുമോൻ ആക്രമിക്കുകയായിരുന്നുവെന്നുമാണ് വിവരം.

# തരൂർ പാർട്ടിക്ക് വിധേയനാകണമെന്ന് മുരളീധരൻ, വിജയപ്രതീക്ഷയെ കുരുതികൊടുക്കരുതെന്ന് വീക്ഷണം



കോഴിക്കോട്: ഇടതു സർക്കാറിന്റെ വ്യവസായ നയങ്ങളെ പ്രശംസിച്ച ശശി തരൂരിനെതിരെ വിമർശനവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. ശശി തരൂർ പാർട്ടിക്ക് വിധേയനാവണമെന്നും ഇത്തരം പരാമർശങ്ങളിൽ തരൂർ സ്വയം നിയന്ത്രണം ഏർപ്പെടുത്തണമെന്നും മുരളീധരൻ പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പും നിയമസഭാ തിരഞ്ഞെടുപ്പും വരുന്ന സന്ദർഭത്തിൽ, ജനങ്ങളുടെ മുൻപിൽ കുറ്റാരോപിതരായി നിൽക്കുന്ന കേരള സർക്കാരിനെ വെള്ളപൂശിക്കൊണ്ട് പറയുന്ന ഏതൊരു അഭിപ്രായവും രാഷ്ട്രീയ എതിരാളികൾക്ക് യുഡിഎഫിനെ പ്രഹരിക്കാനുള്ള ആയുധമായി മാറും. ഇപ്പോൾ അദ്ദേഹം പറഞ്ഞ ചില കമന്റുകൾ ഇടതുപക്ഷം ഉപയോഗിക്കുന്നുണ്ട്. തരൂർ പാർട്ടിക്ക് വിധേയനായി അദ്ദേഹത്തിന്റെ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങളിൽ മാറ്റം വരുത്തണമെന്നും മുരളീധരൻ ആവശ്യപ്പെട്ടു.

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളായിവരുന്ന നേതാക്കളെല്ലാം സാധാരണ പ്രവർത്തകരാണ്. നാല് തിരഞ്ഞെടുപ്പുകളിൽ ശശി തരൂരിന് വേണ്ടി പണിയെടുത്ത കോൺഗ്രസ് പ്രവർത്തകർക്ക് ഒരു പഞ്ചായത്ത് അംഗമോ നഗരസഭ കൗൺസിലറോ ആവാനുള്ള അവസരം ഇതുപോലുള്ള പ്രതികരണങ്ങൾകൊണ്ട് ഇല്ലാതാവരുത്. അദ്ദേഹത്തെ വിജയിപ്പിക്കാൻ ശ്രമിച്ച പ്രവർത്തകരോട് അദ്ദേഹത്തിന് സ്നേഹമുണ്ടെങ്കിൽ ഇത്തരം നിലപാടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതാവും നല്ലതെന്നും മുരളീധരൻ പറഞ്ഞു.

പാർട്ടി നയത്തിന് വിരുദ്ധമായി എല്ലാ കാര്യങ്ങളിലും നേതാക്കൾ വ്യക്തിപരമായ അഭിപ്രായം പറയുന്ന രീതി ശരിയല്ല. തിരഞ്ഞെടുപ്പ് കാലത്ത് ഇടത് പക്ഷത്തെ സ്തുതിക്കുന്ന ഒരു കാര്യത്തേയും കോൺഗ്രസിന് അംഗീകരിക്കാൻ കഴിയില്ല. ശശി തരൂർ ഒരു സീനിയർ നേതാവും വർക്കിങ് കമ്മറ്റി അംഗവുമാണ്. നിലപാട് തിരുത്തിയാൽ മതിയെന്നും അച്ചടക്ക നടപടി ഇതുവരെ ആവശ്യപ്പെട്ടിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

തരൂരിന്റെ ലേഖനം നന്നായി മനസ്സിലാക്കി തന്നെയാണ് പാർട്ടി അത് തിരുത്തണം എന്ന് ആവശ്യപ്പെട്ടതും ഇടതുപക്ഷം അത് മുതലെടുക്കുന്നതും. എന്ത് നല്ലത് ചെയ്താലും അംഗീകരിക്കണം എന്ന് പറയുമ്പോൾ ഇടത് സർക്കാർ എന്തെങ്കിലും നല്ലകാര്യം ചെയ്തതായി ആർക്കും അറിയില്ലെന്നും കെ മുരളീധരൻ പറഞ്ഞു.

ശശി തരൂരിനെതിരെ കോൺഗ്രസ് മുഖപത്രമായ വിക്ഷണവും അതിരൂക്ഷമായി വിമർശിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ വിജയപ്രതീക്ഷയെ കുരുതികൊടുക്കരുത്. വെളുപ്പാൻ കാലം വരെ വെള്ളം കോരിയിട്ട് സന്ധ്യയ്ക്ക് കുടം ഉടയ്ക്കുന്നത് പരിഹാസ്യമാണ്. സർക്കാർ വിരുദ്ധ വികാരം ആളിപ്പടരുമ്പോൾ അതിന് ഊർജ്ജം നൽകേണ്ടവർ തന്നെ അത് അണയ്ക്കാൻ വെള്ളം ഒഴിക്കരുതെന്നുമാണ് പത്രത്തിന്റെ മുഖപ്രസംഗം. കോൺഗ്രസിന്റെ മുണ്ടിൽ പിടിച്ച് പുറകോട്ട് വലിക്കുന്ന രീതി ആത്മഹത്യാപരമാണെന്നും മുഖപ്രസംഗത്തിൽ വിമർശനം ഉണ്ട്.

## കുട്ടിയുടെ നേരെ പാഞ്ഞടുത്തത് 7 തെരുവ് നായ്ക്കൾ

മലപ്പുറം: തെന്നലയിൽ തെരുവ് നായ്ക്കൾ ആക്രമിക്കാൻ ശ്രമിച്ച 7വയസുകാരൻ തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. അറയ്ക്കൽ സ്വദേശി സിദ്ദിഖിന്റെ മകൻ മുഹമ്മദ് ആഷിറാണ് രക്ഷപ്പെട്ടത്. കഴിഞ്ഞ ദിവസമാണ് ഞെട്ടിപ്പിക്കുന്ന സംഭവം അരങ്ങേറിയത്. അയൽവാസിയുടെ വീട്ടിലേക്ക് വരികയായിരുന്ന കുട്ടിയെയാണ് 7തെരുവ് നായ്ക്കൾ കൂട്ടം ചേർന്ന് ആക്രമിക്കാൻ ശ്രമിച്ചത്.

## 'ബാങ്ക് മാനേജർ ഒരു മരമണ്ടനാ, കത്തി കാട്ടിയ ഉടൻ മാറിത്തന്നു'; പൊലീസിനോട് റിജോ ആന്റണി



തൃശൂർ: പോട്ട ഫെഡറൽ ബാങ്കിൽ നിന്ന് 15 ലക്ഷം രൂപ കൊള്ളയടിച്ച സംഭവത്തിൽ പ്രതി റിജോ ആന്റണിയുടെ മൊഴി പുറത്ത്. ബാങ്കിലെ പണം മുഴുവനായി എടുത്തു കൊണ്ട് പോകണമെന്ന ഉദ്ദേശം ഇല്ലായിരുന്നു. തനിക്ക് ആവശ്യമുള്ള പണം കിട്ടിയെന്ന് ഉറപ്പായതോടെയാണ് ബാങ്കിൽ നിന്ന് പോയതെന്നും പ്രതി പൊലീസിനോട് പറഞ്ഞു.

ബാങ്ക് മാനേജർ മരമണ്ടനാണെന്നും കത്തി കാട്ടിയ ഉടൻ മാനേജർ മാറിത്തന്നെന്നും റിജോ മൊഴി നൽകി. ജീവനക്കാർ എതിർത്തിരുന്നുവെങ്കിൽ മോഷണത്തിൽ നിന്ന് പിന്മാറിയേനെ എന്നും ഇയാൾ പറഞ്ഞു. അതേസമയം, പ്രതിയെ പിടിച്ചതിൽ സന്തോഷമുണ്ടെന്നാണ് പോട്ട ഫെഡറൽ ബാങ്ക് മാനേജർ പിജി ബാബു ഒരു മാദ്ധ്യമങ്ങളോട് പറഞ്ഞത്. പ്രതിയെ ഉടൻ പിടികൂടുമെന്ന് പ്രതീക്ഷിച്ചിരുന്നതായും അദ്ദേഹം പറഞ്ഞു.

പിടിയിലായ റിജോയുടെ വീട്ടിൽ ഇന്ന് പുലർച്ചെ പൊലീസ് നടത്തിയ തെളിവെടുപ്പിൽ ബാങ്കിൽ നിന്ന് മോഷ്ടിച്ച 15 ലക്ഷം രൂപയിൽ 12 ലക്ഷവും കണ്ടെടുത്തിരുന്നു. മോഷണമുതലിൽ നിന്ന് 2,94,000 രൂപ അന്നനാട് സ്വദേശിക്ക് കടം വീട്ടാൻ നൽകിയിരുന്നു. ഇതിൽ 2,29000 രൂപ അന്നനാട് സ്വദേശി പൊലീസ് സ്റ്റേഷനിൽ എത്തിച്ചു.

ബാങ്ക് ജീവനക്കാരെ ഭീഷണിപ്പെടുത്തി ബന്ദിയാക്കാൻ ഉപയോഗിച്ച കത്തിയും മോഷണ സമയത്ത് റിജോ ധരിച്ചിരുന്ന വസ്ത്രവും ഇയാളുടെ വീട്ടിൽ നിന്ന് പൊലീസ് കണ്ടെത്തിയിട്ടുണ്ട്.

റിജോയെ സംഭവം നടന്ന ബാങ്കിലെത്തിച്ച് തെളിവെടുപ്പ് നടത്തി. ഇതിനുശേഷം പ്രതിയെ ഇന്ന് തന്നെ കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം.




RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





പൗരസ്ത്യ കൽദായ സുറിയാനി സഭാ ചേലക്കോട്ടുക്കര മാർ അപ്രേം പള്ളി 85-ാം തിരുനാളിനോടനുബന്ധിച്ച് നടന്ന വാർഷിക പൊതുസമ്മേളനം തൃശൂർ കോർപ്പറേഷൻ മേയർ എം കെ വർഗ്ഗീസ് ഉദ്ഘാടനം ചെയ്യുന്നു. ആർച്ച് ബിഷപ് മാർ ഔഗിൻ കുരിയാക്കോസ് സമീപം

## മാർ അപ്രേം പള്ളി 85-ാമത് വാർഷികം ആഘോഷിച്ചു

തൃശൂർ: പൗരസ്ത്യ കൽദായ സുറിയാനി സഭാ ചേലക്കോട്ടുക്കര മാർ അപ്രേം പള്ളി 85-ാം തിരുനാളിനോടനുബന്ധിച്ച് വാർഷിക പൊതുസമ്മേളനം കോർപറേഷൻ മേയർ എം.കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലിത്ത ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കശ്ശീശ പദവിയിൽ ഉയർത്തിയ ഫാ.ഫ്രെഡി ഡോൺ, വിരമിക്കുന്ന സൺഡേസ്കൂൾ അദ്ധ്യപകരായ അബി താഴ്ത്ത, പ്രൊഫ. ജേക്കബ്ബ് തോമസ്, സ്പെഷൽ ഒളിമ്പിക് ഭാരത്ത് ജേതാവ് ജോ പോൾ ജെ ചാക്കോള, എന്നിവരെ തദവസരത്തിൽ ആദരിച്ചു. കിന്നാര ദുറ്ഹ സ്പെഷ്യൽ തിരുനാൾ പതിപ്പ് പ്രകാശനം നടത്തി. ഭക്തസംഘടനകളുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വികാരി ഫാ. ഇ ഉ പോളി, അസ്സി. വികാരി ഫാ.ഫ്രെഡി ഡോൺ,ഡിവിഷൻ കൗൺസിലർ മേഴ്സി അജി, കേന്ദ്ര ട്രസ്റ്റി ബോർഡ് ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, കൈക്കാരന്മാരയ വിൽസൻ തറയിൽ, വർഗ്ഗീസ് പൂവ്വത്തിങ്കൽ, തിരുനാൾ കമ്മിറ്റി കൺവീനർ പോൾ തലോക്കാരൻ എന്നിവർ പ്രസംഗിച്ചു. ഇന്ന് (ഞായ്യർ) രാവിലെ 7ന് സുറിയാനി പാട്ട് കുർബ്ബാന - മുഖ്യ കാർമ്മികൻ മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത. വൈകിട്ട് 7 ന് തൃശൂർ കലാസദൻന്റെ ഗാനമേളയോടെ തിരുനാൾ പരിപാടികൾ സമാപിക്കും.

## ദേശാഭിമാനി സാഹിത്യ പുരസ്കാര ജേതാവ് ഡോ.സി.രാവുണ്ണിക്ക് സ്വീകരണം 22ന്

ഇരിങ്ങാലക്കുട: പുരോഗമന കലാസാഹിത്യ സംഘം ടൗൺ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദേശാഭിമാനി സാഹിത്യ പുരസ്ക്കാരം ലഭിച്ച മലയാളത്തിന്റെ പ്രിയ കവി ഡോ.സി.രാവുണ്ണിക്ക് ആദരം നൽകുന്നു. ഫെബ്രുവരി 22 ശനിയാഴ്ച്ച 4.30ന് ഇരിങ്ങാലക്കുട ഗായത്രി ഹാളിൽ വച്ച് നടക്കുന്ന സ്വീകരണ സമ്മേളനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു ഉദ്ഘാടനം നിർവ്വഹിക്കും.

കേരളത്തിലെ പ്രശസ്ത എഴുത്തുകാരനും പ്രഭാഷകനുമായ കെ.ഇ.എൻ കുഞ്ഞഹമ്മദ് 'കവിതയും രാഷ്ട്രീയവും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തും.

യൂണിറ്റ് പരിധിയിലെ സംസ്ഥാന സ്കൂൾ കലോത്സവ ജേതാക്കൾക്കുള്ള ആദരവും അവരുടെ കലാ അവതരണവും ഉണ്ടായിരിക്കും.

വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിൽ മുഖ്യാതിഥി ആയിരിക്കും. ഖാദർ പട്ടേപ്പാടം, ഡോ.കെ.പി.ജോർജ് എന്നിവർ പങ്കെടുക്കുമെന്ന് യൂണിറ്റ് പ്രസിഡണ്ട് കെ.ജി. സുബ്രമണ്യൻ സെക്രട്ടറി കെ.എച്ച്.ഷെറിൻ അഹമ്മദ് എന്നിവർ അറിയിച്ചു.

## കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ കിതപ്പു മാറി കുതിപ്പായി : യൂജിൻ മൊറേലി



കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് സെന്റർ സംസ്ഥാന ശില്പശാല സ്വാഗത സംഘം രൂപീകരണ യോഗം ആർ ജെ ഡി സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മൊറേലി ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു

ഗുരുവായൂർ : സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ ശ്രമിച്ചവരുടെ പ്രതിബന്ധങ്ങൾതട്ടി അകറ്റി സഹകാരികളും പൊതുസമൂഹവും ഒറ്റക്കെട്ടായി നിന്നതിന്റെ ഫലമായി വൻ കുതിപ്പാണ് സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടായതെന്ന് ഗുരുവായൂർ ഫെബ്രുവരി 22, 23 തീയതികളിൽ നടക്കുന്ന കേരള കോ ഓപ്പറേറ്റീവ് എംപ്ലോയി സെൻർ സംസ്ഥാന നേതൃത്വ ശില്പശാല സ്വാഗത സംഘം രൂപീകരണ യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് ആർജെഡി സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മോറേലി അഭിപ്രായപ്പെട്ടു

സഹകരണ മേഖലയുടെ അംഗസംഖ്യ 31 ലക്ഷം കഴിഞ്ഞ പ്രാവശ്യത്തെ അപേക്ഷിച്ച് കൂടിയതും നിക്ഷേപത്തിൽ ഇരുപതിനായിരം കോടി രൂപ വർദ്ധിച്ചതും ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മുൻ വർഷത്തേക്കാൾ വർദ്ധിച്ചതും ജനങ്ങൾക്ക് ആശ്രയിക്കാനുള്ള ഒരു പ്രസ്ഥാനമാണ് സഹകരണ സ്ഥാപനങ്ങളാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു.

യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് സി.സുജിത്ത് അധ്യക്ഷത വഹിച്ചു.ആർ ജെ ഡി ജില്ലാ വൈസ് പ്രസിഡണ്ട് പി ഐ സൈമൺ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. സംഘടന സംസ്ഥാനജനറൽ സെക്രട്ടറി ഷോബിൻ തോമസ്, സി.പി രാജൻ, റോബർട്ട് ഫ്രാൻസീസ്, ജിജു കെ. കെ , എം. ജി ജയരാജ്, ടി എൻ മുകുന്ദൻ, അശ്വിൻ എം. വി, തുളസി സുബ്രമണ്യൻ, ജിഷ രാജൻ, ടി.കെ ഫ്രാൻസീസ് , കെ.പി ജിനചന്ദ്രൻ എന്നിവർ അഭിവാദ്യം ചെയ്തുകൊണ്ട് സംസാരിച്ചു

സ്വാഗത സംഘം ചെയർമാനായി പി.ഐ സൈമൺ മാസ്റ്റർ, ജനറൽ കൺവീനർ ജിജു കെ കെ,ട്രഷറർ റഹീം വീട്ടി പറമ്പിൽ എന്നിവരെ തെരെഞ്ഞടുത്തു

## മുല്ലക്കര നേർച്ച സമാപിച്ചു

തൃശൂർ: മുല്ലക്കര മുസ്ലിം ജാറത്തിൽ ഒരാഴ്ച്ചയിലേറെ നീണ്ടുനിന്ന ആണ്ട് നേർച്ച പരിപാടികൾക്ക് സമാപനമായി. നേർച്ചയുടെ ഭാഗമായി നടന്ന ഖാദിരിയ്യ റാത്തീബ്, ബദ് രീയ്യത്ത് മജ്ലിസ്, ഖുത്ബിയ്യത്ത് വാർഷികം, നാരിയ്യത്ത് സ്വലാത്ത് വാർഷികം, ഹദ്ദാദ് വാർഷികം, മുല്ലക്കര സ്വലാത്ത് വാർഷികം, ബുർദ്ദാ ആലാപനം എന്നീ ആത്മീയ സംഗമങ്ങളിൽ നൂറ് കണക്കിന് വിശ്വാസികൾ പങ്കെടുത്തു. ഖത്വമുൽ ഖുർആൻ ദുആക്ക് ശേഷം നടന്ന ജാതി മതഭേദമന്യേയുള്ള നേർച്ച ഭക്ഷണ വിതരണത്തിന്റെ ഉദ്ഘാടനം കോർപ്പറേഷൻ കൗൺസിലർ അഡ്വ: അനീസ് അഹമ്മദ് നിർവ്വഹിച്ചു.

തുടർന്നുള്ള ദിവസത്തിൽ സംസ്ഥാനത്തിന്റെ അകത്ത് പുറത്തു നിന്നുമുള്ളവരുടെ മണിക്കൂറുകളോളം നീണ്ടുനിന്ന കൂട്ട സിയാറത്തുകൾ ഉണ്ടായി

## വാരിയർ സമാജം സംസ്ഥാന സമ്മേളനം സ്വാഗത സംഘം രൂപീകരിച്ചു




ഇരിങ്ങാലക്കുട : സമസ്ത കേരള വാരിയർ സമാജം 47-ാം മത് സംസ്ഥാന സമ്മേളനം മെയ് 24, 25 തിയ്യതികളിൽ ഇരിങ്ങാലക്കുടയിൽ നടക്കും. സമാജം ഹാളിൽ നടന്ന സ്വാഗത സംഘ രൂപീകരണ യോഗം മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡണ്ട് പി.കെ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.വി. മുരളീധരവാര്യർ, ട്രഷറർ വി.വി. ഗിരീശൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് എസ്. ശങ്കരവാരിയർ, സംസ്ഥാന സെക്രട്ടറി എ.സി. സുരേഷ്, ഗീത ആർ.വാരിയർ, ദേവരാജൻ കുറ്റുമുക്ക് എന്നിവർ പ്രസംഗിച്ചു. സംഘാടക സമിതി: പി.കെ. മോഹൻദാസ് (ചെയർമാൻ), കെ. ഉണ്ണികൃഷ്ണവാരിയർ (വർക്കിങ് ചെയർമാൻ), വി. വി. മുരളീധര വാരിയർ (ജനറൽ കൺവീനർ), വി. വി. സതീശൻ (കൺവീനർ), വി. വി. ഗിരീശൻ (ട്രഷറർ) , എ.സി. സുരേഷ് (കോ - ഓർഡിനേറ്റർ)

## പ്രദീപ് കുമാർ-പ്രസിഡണ്ട് ,സുരജൻ-സെക്രട്ടറി, സുരേഷ്-ട്രഷറർ



കേരള അഡ്വക്കറ്റ് ക്ലാർക്ക്സ് അസോസിയേഷൻതൃശൂർ ഭാരവാഹികളെ തെരഞ്ഞെടുത്തു പ്രസിഡണ്ട്. പി. കെ.പ്രദീപ് കുമാർ. സെക്രട്ടറി സുരജൻ.പി.സി. ട്രഷറർ സുരേഷ്. വി.കെ. വൈസ് പ്രസിഡണ്ടുമാർ.എ.എം. അഭിലാഷ്. ജോയി.വി.ടി. ജോയന്റ് സെക്രട്ടറിമാർ വാസുദേവൻ.എം.ആർ. ശശികല ഉണ്ണികൃഷ്ണൻ. എക്സിക്യൂട്ടീവ് ക്കമ്മിറ്റി മെമ്പർമാർ. കെ.ജി. പ്രബീഷ്.പി.ജി. സുധീർ. ശരണ്യ എം.ബി. കെ എൻ. രമേഷ് എന്നിവരെയും തെരഞ്ഞെടുത്തു.

## രക്തസാക്ഷി അനുസ്മരണവും പുഷ്പാർച്ചനയും നടത്തി




ഇരിങ്ങാലക്കുട : യൂത്ത് കോൺഗ്രസ്സ് ഇരിങ്ങാലക്കുട ടൗൺ മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഷുഹൈബ് രക്തസാക്ഷി ദിനത്തിൽ അനുസ്മരണവും പുഷ്പാർച്ചനയും നടത്തി.

ടൗൺ മണ്ഡലം പ്രസിഡന്റ് ജോമോൻ മണാത്തിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ, മുനിസിപ്പൽ കൗൺസിലർ അവിനാശ് ഓ എസ്, മുൻ മണ്ഡലം പ്രസിഡന്റ് ശ്രീറാം ജയബാലൻ, നിയോജക മണ്ഡലം ഭാരവാഹികളായ വിനു ആന്റണി, ഡേവിസ് ഷാജു, ഗോപീകൃഷ്ണൻ, മണ്ഡലം വൈസ് പ്രസിഡന്റ് അസ്കർ സുലൈമാൻ, ശ്രീജിത്ത് എസ് പിള്ള, സന്തോഷ് ആലുക്ക, മനു വി രാജു തുടങ്ങിയവർ പങ്കെടുത്തു.

## സുസ്ഥിര വികസനവും ലൈബ്രറികളും: ദേശീയ സെമിനാർ അമലയിൽ

തൃശൂർ: കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ ശാസ്ത്ര ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സാങ്കേതിക സഹകരണത്തോടെ 'സുസ്ഥര വികസനത്തിൽ ലൈബ്രറികളുടെ പങ്ക്' എന്ന വിഷയത്തിൽ ഫെബ്രു. 28, മാർച്ച് ഒന്ന് തിയതികളിൽ അമല മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിൽ പങ്കെടുക്കുന്നതിന് അദ്ധ്യാപകർ, ലൈബ്രേറിയന്മാർ, ഗവേഷകർ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവർക്ക് രജിസ്റ്റർ ചെയ്യാം. എഴുപതോളം പേർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

ലൈബ്രറി വിദഗ്ദരുടെ ദേശീയ സംഘടനയായ അക്കാദമിക് ലൈബ്രറി അസ്സോസിയേഷൻ (എ.എൽ.എ.) കേരള മെഡിക്കൽ ലൈബ്രറി അസ്സോസിയേഷൻ എന്നിവയുമായി സഹകരിച്ചാണ് സെമിനാർ നടത്തുന്നത്. 400/ രൂപയാണ് ഫീസ്. സൗജന്യമായി ഭക്ഷണവും സെമിനാർ വോള്യമടക്കമുള്ള കിറ്റും ലഭിക്കും.

മറ്റു സംസ്ഥാനക്കാർക്ക് സൗജന്യ താമസവും അല്ലാത്തവർക്ക് സൗജന്യ നിരക്കിലും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.amalaims.org ഡോ. എ.റ്റി. ഫ്രാൻസീസ്, പ്രൊഫസർ & ചീഫ് ലൈബ്രേറിയൻ 9496839409

## ഐഎസ്ബിടിഐ കേരള ചാപ്റ്ററിന്റെ സംസ്ഥാന വാർഷിക സമ്മേളനം



തൃശൂർ: ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോ ഹെമറ്റോളജി (ISBTI) കേരള ചാപ്റ്ററിന്റെ സംസ്ഥാന വാർഷിക സമ്മേളനവും തുടർ മെഡിക്കൽ വിദ്യാഭ്യാസ പരിപാടിയും തൃശൂർ ഗവർമെന്റ് മെഡിക്കൽ കോളേജിലെ അലുമിനി ഹാളിൽ വെച്ച് നടന്നു. മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ (രക്ത ബാങ്ക്) വിഭാഗമാണ് പരിപാടിക്ക് ആതിഥേയത്വം വഹിച്ചത്.

ട്രാൻസ്ഫ്യൂഷൻ മെഡിസിനിൽ വൈദഗ്ധ്യമുള്ള യുവ ഡോക്ടർമാർ അവരുടെ ഏറ്റവും പുതിയ ഗവേഷണങ്ങൾ, ക്ലിനിക്കൽ അനുഭവങ്ങൾ, രക്തപ്പകർച്ച സമ്പ്രദായങ്ങളിലെ അത്യാധുനിക സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്നിവ പങ്കിട്ടു. ട്രാൻസ്ഫ്യൂഷൻ മെഡിസിനിലെ വെല്ലുവിളികൾ, നവീകരണങ്ങൾ, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെട്ടു, ട്രാൻസ്ഫ്യൂഷൻ തെറാപ്പിയിൽ രോഗികളുടെ പരിചരണവും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് സമ്മേളനം സഹായകമാകും.

മുൻ ജെഡിഎംഇയും ഫാക്കൽറ്റിയും കേരളത്തിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിന്റെ മികവിന് മുഖ്യ പങ്ക് വഹിച്ച ഡോ. മീന ഡി യുടെ സ്മരണാർത്ഥമാണ് ഈ സമ്മേളനം നടത്തിയത്.

രക്ത ഘടകങ്ങളുടെ ട്രാൻസ്ഫ്യൂഷൻ, രക്ത ജന്യ രോഗങ്ങളുടെ ചികിത്സ, അഫറെസിസ്, ട്രാൻസ്പ്ലാനറ്റേഷൻ, അപൂർവ രക്ത ഗ്രുപ്പുകളുടെ രെജിസ്ടറി, നാറ്റ് ടെസ്റ്റിംഗ്, ഫ്ളോസൈറ്റോമെട്രി തുടങ്ങിയ വിഷയങ്ങളിലെ ചർച്ചകൾ ഈ മേഖലയിലെ പ്രൊഫഷണലുകൾക്ക് ആശയങ്ങൾ കൈമാറാനും അറിവ് നേടാനുമുള്ള വേദിയായി.

വൈസ് പ്രിൻസിപ്പാൾ ഡോ സനൽകുമാർ ബി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സൂപ്രണ്ട് ഡോ സന്തോഷ് പി വി, കടആംക സംസ്ഥാന പ്രസിഡന്റും ട്രാൻസ്ഫ്യൂഷൻ മെഡിസിൻ മേധാവിയുമായ ഡോ സജിത്ത് വിളമ്പിൽ, സെക്രട്ടറി ഡോ ഷൈജി പി എസ്, ട്രഷറർ ഡോ അമിത ആർ നായർ, അസിസ്റ്റന്റ് പ്രഫസ്സർമാരായ ഡോ അർച്ചന കെ എ, ഡോ അഞ്ജലി പി എസ്, ഡോ ആഷ്‌ലി മോൻസൺ മാത്യു, ഡോ നിത്യ എം ബൈജു എന്നിവർ സംസാരിച്ചു. ട്രാൻസ്ഫ്യൂഷൻ മെഡിസിന് ഒട്ടേറെ സേവനങ്ങൾ നൽകിയ മുതിർന്ന ഫാക്കൽറ്റിമാരായ ഡോ സുശീല ജേക്കബ് ഇന്ന (ജൂബിലി മെഡിക്കൽ കോളേജ്), ഡോ ദേബാശിഷ് ഗുപ്ത (ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്), ഡോ സുമ എം എസ് (ആലപ്പുഴ മെഡിക്കൽ കോളേജ്) എന്നിവരെ സമ്മേളനം ആദരിച്ചു. പ്രിൻസിപ്പാൾ ഡോ അശോകൻ എൻ ട്രാൻസ്ഫ്യൂഷൻ രംഗത്ത് മെഡിക്കൽ കോളേജ് വഹിക്കുന്ന പങ്കിനെ കുറിച്ചും സമ്മേളനത്തിന്റെ പ്രസക്തിയെ കുറിച്ചും സന്ദേശത്തിൽ പ്രതിപാദിച്ചു. ബിരുദാനന്തര വിദ്യാർത്ഥിക്കൾക്കും, ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാർക്കുമുള്ള പ്രബന്ധ അവതരണവും ക്വിസും ഉണ്ടായിരുന്നു

## വാർത്താച്ചുരുക്കം

* യൂണിവേഴ്സൽ യോഗ കോൺഷ്യസ് നെസ്സിന്റെ ആഭിമുഖ്യത്തിൽ ഗ്ലോബൽ യോഗ ഫെസ്റ്റ് തൃശൂരിൽ തുടങ്ങി. സാഹിത്യ അക്കാദമി, ഇൻഡോർ സ്റ്റേഡിയം, ടൗൺ ഹാൾ വേദികളാണ്. 20 ന് സമാപിക്കും.
* കേരളഗവ.പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്റേഴ്സ് അസോസിയേഷൻ 52 - ാമത് സംസ്ഥാന സമ്മേളനം തൃശൂരിൽ സമാപിച്ചു.
* കൊടുങ്ങലൂർ പി.ഭാസ്കരൻ ഫൗണ്ടേഷൻ പുരസ്ക്കാരം ഗായകൻ പി.ജയചന്ദ്രന് മരണാനന്തര ബഹുമതിയായി സമർപ്പിക്കും. 25ന് വൈകീട്ട് കുഞ്ഞുകുട്ടൻ തമ്പുരാൻ ചത്വരത്തിൽ സമർപ്പണ ചടങ്ങ് നടക്കും.
* കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ - സംസ്ഥാനതല മികവുത്സവം തൃശൂരിൽ ഗംഭീരമായി നടന്നു. വിഭ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്ന പഠന പരിപാടികൾ ആവിഷ്കരിച്ചു.
* തൃശൂർ കൾച്ചറൽ ക്യാപിറ്റൽ മാരത്തോൺ ഗംഭീരമായി നടന്നു
* നാട്ടുവൈദ്യം ഉൾപ്പെടെ പാരമ്പര്യ വൈദ്യമേഖലക്ക് നിയമപരമായ അംഗീകാരം സർക്കാർ അനുവദിച്ചു. ഈ നടപടിയെ കേരള വൈദ്യ മഹാസഭ സ്വാഗതം ചെയ്തു.
* സ്വകാര്യ സർവകലാശാല മറവിൽ സർക്കാരിന് സാമ്പത്തിക താൽപര്യമാണുള്ളതെന്ന്, - എൻ.സി.പി. സംസ്ഥാന പ്രസിഡന്റ് എൻ.എ മുഹമ്മദുകുട്ടി ആരോപിച്ചു.
* ഡോ: ടി. ഐ. രാധാകൃഷ്ണൻ ഫൗണ്ടേഷന്റെ പുരസ്കാര സമർപ്പണം 25 - ന് 3 മണിക്ക് ജവഹർ ബാലഭവനിൽ നടക്കും. രാധാകൃഷ്ണൻ 12-മത് ചരമ വാർഷിക ദിനാചരണവും ഉണ്ടായിരിക്കും. ജനാരോഗ്യ പ്രവർത്തക എറണാകുളം ഡോ: ജോളി ജനാർദനന് പുരസ്കാരം സമർപ്പിക്കും.
* സംസ്ഥാന സർക്കാരിന്റെ ഐ.എച്ച്.ആർ ഡി .- തരംഗ് മേള 22, 23 തീയതികളിൽ കല്ലേറ്റുംകര പോളിടെക്നിക്കിൽ നടക്കും. ദേശിയ തലത്തിൽ ഹൈസ്കൂൾ - എൻഞ്ചിനിയറിങ് വിദ്യാർത്ഥികൾ പങ്കെടുക്കും. മത്സരങ്ങൾ കലാപരിപാടികൾ, പഠനം തുടങ്ങിയവ നടക്കും
* ആരോഗ്യ വകുപ്പിന്റെ സമഗ്ര കാൻസർ പരിശോധനാ - വയറിളക്ക പ്രതിരോധ പദ്ധതി പ്രവർത്തനം തൃശൂർ ജില്ലയിൽ പുരോഗമിക്കുന്നു
* ചിത്രകലാകാരമാരായ തൃശൂരിലെ ഫ്രാൻസിസ് കോടങ്കണ്ടത്ത് - പത്നി ഷേർളി ചാലിശ്ശേരി എന്നിവർ ത്രിരാഷ്ട്ര ചിത്ര യാത്രക്ക് പുറപ്പെട്ടു. സുഹൃദ് സംഘം യാത്രയയപ്പു നൽകി.

## ഇന്ത്യവുഡ് 2025 മാർച്ച് 6 മുതൽ 9 വരെ ഡൽഹിയിൽ

കൊച്ചി: ഫർണീച്ചറുകൾ, വൂഡ് എന്നിവയുമായി ബന്ധപ്പെട്ട സമഗ്ര പ്രദർശനമായ ഇന്ത്യ വൂഡ് 2025 മാർച്ച് 6 മുതൽ 9 തീയതികളിൽ ഇന്ത്യ എക്സ്പോ മാർട്ട് ആൻഡ് സെന്റർ, ഗ്രേറ്റർ നോയിഡ, ഡൽഹിയിൽ വെച്ച് നടക്കും. 50,000 ചതുരശ്ര മീറ്ററിൽ,30 മുതൽ 600-ലധികം പ്രമുഖ ബ്രാൻഡുകളും ഈ പ്രദർശനത്തിൽ പങ്കെടുക്കുക. വിവിധ ഉൽപന്നങ്ങൾ, ഘടകങ്ങൾ, ഈ മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വിഭാഗങ്ങൾ എന്നിവയെല്ലാം പ്രദർശനത്തിനുണ്ടാകും. സർഫേസ് ഇൻ മോഷൻ, ഇന്ത്യാ മാട്രസ്ടെക് എക്സ്പോ,അഫോൾസ്റ്ററി പ്രദർശനം, വൂഡ് പ്ലസ് ആർക്കിടെക്, ഡിസൈൻ ആന്റ് സർഫസ് തുടങ്ങിയ അനുബന്ധ പ്രദർശനങ്ങളും ഇതോടൊപ്പം നടത്തും. ഈ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ നേരിട്ടു മനസിലാക്കാനുള്ള അപൂർവ്വ അവസരമാണ് ഈ പരിപാടികൾ പ്രദാനം ചെയ്യുന്നത്. ഫർണീച്ചർ ഉൽപാദന മേഖലയിലെ മാറ്റങ്ങൾക്ക് ഒരു ചാലക ശക്തിയായി ഇതു വർത്തിക്കുമെന്ന് ന്യൂൺബർഗ് മെസ്സെ ഇന്ത്യ ഗ്രൂപ് ഡയറക്ടർ ശിവകുമാർ വേണുഗോപാൽ പറഞ്ഞു

## നിര്യാതയായി

### ജയശ്രീ



തൃശൂർ: വില്ലടം പേരേപാടം പെരിങ്ങായിൽ സോമസുന്ദരൻ ഭാര്യ ജയശ്രീ (61) നിര്യാതയായി. മക്കൾ -ഷാലെറ്റ്, ശ്രുതി, മരുമക്കൾ -സാബു, ധീരജ്. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് 2മണിക്ക് .

## വികാരി ഫാ. വർഗ്ഗീസ് കുത്തൂരിന് സ്വീകരണം നൽകി



ഒല്ലൂർ: ഫൊറോന പള്ളി വികാരിയായി ചാരർജെജടുത്ത ഫാ. വർഗ്ഗീസ് കുത്തൂർ, സഹ വികാരിമാരായ ഫാ. എഡ്വിൻ ഐനിക്കൽ, ഫാ. തേജസ് കന്നപ്പിള്ളിൽ, ഡീക്കൻ ഡോ. ജോനസ് പള്ളിപ്പുറം എന്നിവർക്ക് സെന്റ് വിൻസെന്റ് ഡി പോൾ സംഘം സ്വീകരണം നൽകി. പ്രസിഡന്റ് വിൻസൻ അക്കര, ട്രസ്റ്റി റാഫി ചമ്മണം, ബേബി മൂക്കൻ, ജോസ് കുത്തൂർ, നിമ്മി റപ്പായി, ജോയ് അക്കര, ജോസോണി കൊക്കാലി, ലിയോൺസ് സ്റ്റാലിൻ, നിജോ ഉക്രാൻ എന്നിവർ ആശംസകൾ നേർന്നു. വൈദീകർക്ക് സംഘം വക ഉപഹാരങ്ങൾ നൽകി. വൈദീകർ മറുപടി പ്രസംഗം നടത്തി. തുടർന്ന് സ്നേഹസൽക്കാരവും ഉണ്ടായിരുന്നു.



മഹാശിവരാത്രിയോടനുബന്ധിച്ച് ഗുരുവായൂർ ബ്രഹ്മാകുമാരീസ് സെന്റർ സംഘടിപ്പിച്ച ഒരാഴ്ച നീണ്ടു നിൽക്കുന്ന ആത്മീയ സന്ദേശ യാത്രയുടെ ഫ്ലാഗ് ഓഫ് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം നിർവ്വഹിച്ചു.ഗുരുവായൂർ മുൻസിപ്പൽ കൗൺസിലർ ശോഭ ഹരിനാരായണൻ,അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ വിനയൻ,ബ്രഹ്മാകുമാരി സൈരന്ധ്രി സിസ്റ്റർ,യമുന രാധാകൃഷ്ണൻ,വത്സല കുമാരി സിസ്റ്റർ,ദിയാ പ്രവീഷ് എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

## തൂങ്ങിമരിച്ചു

പുതുക്കാട്: പൂക്കോട് സ്വദേശി പനമ്പത്ത് വീട്ടിൽ അച്ചു മകൾ അക്ഷര (25) വീട്ടിൽ തൂങ്ങിമരിച്ചു. പോലീസ് കേസെടുത്തു.

## കുഴഞ്ഞുവീണ് മരിച്ചു

പുതുക്കാട്: പാലാഴി സ്വദേശി കള്ളാശ്ശേരി വീട്ടിൽ മാധവൻ (56) കുഴഞ്ഞുവീണ് മരിച്ചു. പുതുക്കാട് പോലീസ് മേൽ നടപടി സ്വീകരിച്ചു


**COURT NOTICE**

**BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL, THRISSUR**

OP (MV) 2055/2019

Nikhil P. Mohan

-Petitioner

Shijumon J., S/o. Joseph, Marottiparambil House, Elappara P.O., 26, Puthuval, Idukki-685501

-Respondent No. 2

The afforesaid Respondents take notice, the above petition is posted for appearance on **22-05-2025** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date this the 15th of February 2025

**P. K. JOHN** (Sd/-)

Advocate for Petitioner.

**കോടതി പരസ്യം**

**ബഹു. ഇരിങ്ങാലക്കുട കുടുംബ കോടതി മുമ്പാകെ**

OP: 49/2024

റുക്സാന

-ഹരജിക്കാരി

തൃശൂർ ജില്ല, മുകുന്ദപുരം താലൂക്ക്, അന്നമനട വില്ലേജ്, കാട്ടിപ്പറമ്പിൽ ബിഷീർ മകൻ ഷെഫീഖ്, പിൻ-680741

- എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **22-02-2025** തിയ്യതിക്ക് വിചാരണക്ക്വെച്ചിരിക്കുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-02-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**മുഹമ്മദ് അംജു**

എറണാകുളം (ഒപ്പ്)

**COURT NOTICE**

**BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL, IRINJALAKUDA**

OP (MV) 640/2020

Deepa, aged 56 years, W/o. Devadas (Late), Kalathil House, Chowka Desom, Elinjipra P.O., Pin: 680721, Pariyaram Village, Chalakkudy Taluk, Thrissur Dist,

-Petitioner/Petitioner

Sidharthan T.V., aged 70 years, S/o. Velayudhan, Thumban House, Kaveed Desom, Kottappadi P.O., Pin-680505, Guruvayoor, Thrissur Dist.

-Respondent/1st Respondent

Whereas the above named Petitioner instituted OP MV No. 640/2020 against you, but inspite sending notice by registered post as well as nazarat you have failed to appear before the Court to answer the claim of the Petitioner.You are hereby directd to appear before the Court on **11-03-2025** at 11.00 am personally or through an Advocate to answer the claim of the Petitioner or to file your objection failing which the case will be heard and decided in your absence in accordance with Law.

Date this the 5th of February 2025

**Adv. K.B. SUNILKUMAR** (Sd/-)

Counsel for Petitioner.